


# പട്ടം

**കൂത്താളി ഹൈസ്കൂൾ**

vhsskoothali@gmail.com

## ഉള്ളടക്കപട്ടിക

നന്മകൾ നിറയും നാളേക്കായ്.....2
ഈ ഭൂമി ഞങ്ങൾ മുതിർന്നവരുടേതല്ല.ഇത് നിങ്ങൾ.....2
കണ്ടൻ പൂച്ച.....3
ജീവചരിത്രം.....4
എഴുത്തുകാരെ അറിയുക.....6
.....6
എലിയും ആനയും.....7
.....7
തെംസ്നദിയോട്.....9
വയലാർ രാമവർമ്മ.....11
ആടും നമ്പൂതിരിയും.....13
.....14
കുത്താളി ഹൈസ്കൂൾ.....14
മൂവാണ്ടൻ മാവും കൂട്ടുകാരും.....14
ഋതുക്കാഴ്ച.....15
എഴുത്തുകാരെ അറിയുക.....16
വചനം.....17
വായനാവസന്തം.....18
ക്വിസ്.....18


പട്ടം

## നന്മകൾ നിറയും നാളേക്കായ്.............

ഈ ഭൂമി ഞങ്ങൾ മുതിർന്നവരുടേതല്ല.ഇത് നിങ്ങൾ കുഞ്ഞുങ്ങളുടേതാണ്.ഞങ്ങൾ മുതിർന്നവർ തലമുറകളായി ഈ ഭൂമിയെ നശിപ്പിച്ച്,ക്ഷയിപ്പിച്ച്,കഠിനമായി ചൂഷണം ചെയ്ത്, ദരിദ്രയിക്കി,ദുഃഖിതയാക്കി നിങ്ങൾക്ക് തരികയാണ്. ഭൂമി നമ്മുടെ അമ്മയാണ് എന്നൊക്കെ നമ്മൾ ഒരുപാട് വർത്തമാനം പറയും. പക്ഷെ, അമ്മയ്ക്ക് പനിപിടിച്ചിരിക്കുകയാണ്. ഭൂമിക്ക് ചൂട് കൂടുന്നുവെന്ന് വിളിച്ച് പറയുന്നത് ഞങ്ങൾ കവികളല്ല, ശാസ്ത്രജ്ഞരാണ്. ഭൂമിക്ക് ചൂടുകൂടുമ്പോൾ മഞ്ഞുമലകൾ ഉരുകുമെന്നും സമുദ്രപ്രതലം ഉയരുമെന്നും ക്ഷാമം വർധിക്കുമെന്നും പകർച്ചവ്യാധികൾ പടരുമെന്നുമെല്ലാം പ്രവചിക്കുന്നത് ശാസ്ത്രമാണ്.

## കണ്ടൻ പൂച്ച

പമ്മിപമ്മി വരുന്നവൻ
എലികളുടെ ഘാതകൻ
എലികൾക്കെന്നും പേടി സ്വപ്നം,
കൂട്ടത്തോടെ നടക്കും എലികളെ-
മുന്നിൽ ചാടി പിടിക്കുന്നവനാണ്
വമ്പൻ,കണ്ടൻ പൂച്ച.....



# ജീവചരിത്രം

## ടി.ഉബൈദ്  (1908-1972)

കാസർകോഡ് ജില്ലയിലെ പള്ളിക്കലിൽ
ജനനം.അധ്യാപകൻ,മാപ്പിളപ്പാട്ടിൽ ഗവേഷകൻ,ഉബൈദിൻെറ തെരഞ്ഞടുത്ത-
കവിതകൾ,ചന്ദ്രക്കല,ഗാനവീചി,ബാഷ്പധാര
മണ്ണിലേക്ക്മടങ്ങി തുടങ്ങിയ അനേകം കവിതകൾ രചിച്ചിട്ടുണ്ട്.വള്ളത്തോൾ
കവിതകൾ , ചിന്തവിഷ്ടയായ സീത,വീണപൂവ്
തുടങ്ങിയ കൃതികൾ കന്നഡയിലേക്ക
പരിഭാഷപ്പെടുത്തിയിട്ടുണ്ട്.........

പട്ടം

## എഴുത്തുകാരെ അറിയുക

### വെണ്ണിക്കുളം ഗോപലക്കുറുപ്പ്

തിരുവല്ല വെണ്ണികുളത്ത് ജനിച്ചു.കവി,വിവർത്തകൻ എന്നീ നിലകളിൽ പ്രസീദ്ദൻ മാണീക്കവീണ,വെള്ളിത്താലം ,മാനസപുത്രി,സരോവരം,ക-ദളിവനം,കാമസുരഭി തുടങ്ങിയ കവിതസമാഹാരങ്ങളും കൈരളീകോശം തിരുക്കുറൽ,ഭാരതിയകവിതകൾ തുളസിദാസരാണായണം തുടങ്ങിയവിവർത്തനങ്ങളും പ്രസീദ്ദീകരിച്ചിട്ടുണ്ട്.കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട് ........

## എലിയും ആനയും

ഒരു ദിവസം ആനയും എലിയും കാട്ടിലൂടെ പോവുകയായിരുന്നു "സൂക്ഷിക്കണം വല്ല ഭീകര ജീവികളും കാണും ആന പറഞ്ഞു "ഹും. എനിക്ക്ഒരു ജിവിയെയും പേടിയില്ല.അവയെല്ലാം എന്നെ കണ്ടാൽ പേടിച്ചോടും കുരങ്ങനും പറഞ്ഞു.കുറച്ചു ക്ഷീണിച്ച് ഒരു സ്ഥലത്ത് കിടന്നു .അവിടെ ഒരു ഓന്ത് ഉണ്ടായിരുന്നു. ആ ഓന്തിനെ കണ്ട് കുരങ്ങൻ ഒറ്റയോട്ടം ഹി ഹീ അതൊരു ഓന്താ കുരങ്ങാ. നിനക്ക് ഒന്നിനേയും പേടിയില്ലനല്ലേ നീ പറഞ്ഞത് അതു കണ്ട് കുരങ്ങൻ ചമ്മിപ്പോയി.............

പട്ടം

## തെംസ്സദിയോട്

ആരോ  പറയുന്ന  തെംസ്സദി,നിന്നോടു
മൂകാന്തരാഗം കലർന്നൊരാൽ വന്നപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
യാതന കണ്ടാ മിഴികൾ നിറയവേ
രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെഞ്ചത്തു വീണപോൽ,അദ്ഭുതം;പെട്ടെന്ന
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്സദി;
ആ രാഗമല്ലലായ്,*ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം

## വയലാർ രാമവർമ്മ

1928-മർച്ച് 25 ന് ജനിച്ച കവി ചലച്ചിത്ര ഗാനരചനാ രംഗത്താണ് കൂടുതൽ പ്രസിദ്ധനായത്.400 ൽ പരം ചിത്രങ്ങൾക്കായി 2000-ലേറെ ഗാനങ്ങൾ രചിച്ചു. സർഗസം ഗീതം എന്ന ക്രതി 1901-ൽ ഗാനരചനയ്ക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചു.തടാക എന്ന ദ്രാവിസ് രാജകുമാരി,രാവണ പുത്രി,ആയിഷാ തുടങ്ങിയവ വയലാറിന്റെ വ്യത്യസ്ത മുഖമാണ് സഹൃദയന് നൽകുന്നത്.കൊന്തയും പൂന്നൂലും,മുളകാട്,എനിക്കു മരണമില്ല,ഒരുജൂഡാസ് ജനിക്കുന്നു തുടങ്ങി ധാരാളം കൃതികൾ രചിച്ചിട്ടുണ്ട്.1975-ഒക്ടോബർ-27-ന് നിര്യാതനായി.

പട്ടം

## ആട്ടും നമ്പൂതിരിയും

പണ്ട് പണ്ടൊരിടത്ത് ഒരു നമ്പൂതിരി ജീവിച്ചിരുന്നു.ഒരു ദിവസം നമ്പൂതിരിക്കൊരാശ പൂത്തു,ഒരാടിനെ വാങ്ങണം.അങ്ങനെ ആടിനെ വാങ്ങാൻ ചന്തയിലേക്ക് യാത്രയായി.അവിടെ നിന്നും നമ്പൂതിരി ഒരു മിടുക്കി ആടിനെ വാങ്ങി അയാൾ വീട്ടിലേക്ക് നടന്നു.വഴിമധ്യേ മൂന്ന് കൊള്ളക്കാർ നമ്പൂതിരിയെ കാണാനിടയായി.അതിലൊന്നാമൻ നമ്പൂതിരിയുടെ അടുക്കൽ ചെന്ന് ചോദിച്ചു:
"നമ്പൂതിരിയെന്താണ് നായയെയും വാങ്ങിക്കൊണ്ട് വരുന്നത്?"
"ഹൈ,നിശ്ശുമ്പൻ! കണ്ണ് കാണില്ല്യേ?ഇത് നായല്ല,ആടാണ്"
ഇതും പറഞ്ഞുകൊണ്ട് നമ്പൂതിരി മുന്നോട്ട് നടന്നു.അൽപ്പം കഴിഞ്ഞ് രണ്ടാമനും നമ്പൂതിരിയുടെ അടുക്കലെത്തി ഇതേ ചോദ്യം ആവർത്തിച്ചു.ഒന്നാമനോട്ട പറഞ്ഞ അതേ മറുപടി രണ്ടാമനോടും പറഞ്ഞെങ്കിലും നമ്പൂതിരിയുടെയുള്ളിൽ സംശയമില്ലാതില്ല.കറ

പട്ടം

ച്ച കൂടെ നടന്നപ്പോൾ മൂന്നാമനോടും ഇതേ സംഭാഷണം ആവർ-
ത്തിച്ചു.നമ്പൂതിരി ആടിനെ കളഞ്ഞു.

## മൂവാണ്ടൻ മാവും കൂട്ടുകാരും

പണ്ടൊരിക്കൽ ഒരിടത്ത് ഒരു മൂവാണ്ടൻ മാവുണ്ടായിരുന്നു.അതിൽ
നിറയെ പക്ഷികളും പൂവാലൻമാരും വസിച്ചിരുന്നു.മാമ്പഴക്കാലമായാൽ
അവയെല്ലാം ആ മരത്തിൽ നിന്നായിരുന്നു സ്വാദിഷ്ഠമായ മാമ്പഴങ്ങൾ
കഴിച്ചിരുന്നത്.അതുകൂടാതെ,പകലുമുഴുവനും ആഹാരം തേടിയലഞ്ഞ പ
ക്ഷികളും ആ മരത്തിൽ നിന്നായിരുന്നു ആഹാരം കണ്ടെത്തിയത്.അ-
ങ്ങനെ സന്തോഷത്തോടെ അവരെല്ലാം മൂവാണ്ടൻ മാവിൽ
കഴിഞ്ഞുപോ
ന്നു.അങ്ങനെയിരിക്കെ,ഒരു ദിവസം ആ മാവിന്റെ ഉടമസ്ഥൻ ദാമുവേട്ട-
ൻ ആ മാവ് വെട്ടിമുറിക്കാൻ തീരുമാനിച്ചു.ഒരു ദിവസം രണ്ട്
മരംവെട്ടുകാ
ർ അവിടേക്ക് എത്തി.അവരെ കണ്ട പക്ഷികൾ ഭയന്നു വിറച്ചു.മരംവെട്ടു
കാരിൽ ഒരാൾ പറഞ്ഞു"നല്ല തടിയുള്ള മരമാണ് ടൗണിൽ പോയി
കൊ-
ടുത്താൽ നല്ല വില കിട്ടും".അവരിൽ രണ്ടാമൻ പറഞ്ഞു"ആശാനേ,നമു-
ക്കീ മരം ഇന്ന് തന്നെ മുറിച്ചുകളയാം".

" വേണ്ടെടാ,നമ്മളോട് നാളെ മുറിക്കാനല്ലേ ദാമുവേട്ടൻ പറ-
ഞ്ഞത് "

"ആ, അതുശരിയാ"രണ്ടാമൻ ഓർത്തെടുത്തു.പിറ്റേന്ന്,

പട്ടം

പക്ഷികളും പൂവാലൻമാരും ഒരു തീരുമാനമെടുത്തു.അതനുസരിച്ച്, മരംവെട്ടുകാർ വന്നപ്പോൾ അവർ മരിച്ചതുപോലെ കിടന്നു.ഇതുകണ്ട് ഭയ-
ന്ന മരംവെട്ടുകാർ അപ്പോൾ തന്നെ അവിടെ നിന്നും ഓടിപ്പോയി.അത്ഭു-
തം അവരെല്ലാം ഉയിർത്തെഴുന്നേറ്റു.ഇതുകണ്ട ദാമുവേട്ടൻ അന്ധാളിച്ചു.
ഈ ജീവികളുടെ ഒത്തൊരുമയും പ്രകൃതിയോടുള്ള സ്നേഹവും കണ്ട് അ-
യാൾ പിന്നിടൊരിക്കലും ഒരിക്കലും ഒരു മരവും വെട്ടിനശിപ്പിക്കാൻ ശ്രമിച്ചിട്ടില്ല.

**ഋതുക്കാഴ്ച**

ഓലക്കുടിലിലെ താമസം മാറ്റി,
ഓടിട്ട വീടിൻെറ പടി വന്ന് കയറുമ്പോൾ,
കാലം ഓർക്കാതിരുന്നതാ, മുൻപാതകൾ
ഋതു കാണാതിരുന്നതാ, കാൽപ്പാടുകൾ

വീണ്ടും പുതുക്കിയ വീടുപണിയുടെ,
ഫലമായുയർന്നത് ബംഗ്ലാവുകൾ,
കാലം ഓർക്കാതിരുന്നതാ,ഓലക്കുടിൽ
ഋതു കാണാതിരുന്നതാ, ഓടുവീട്

ഉണ്ണിതൻ കൈകളിൽ സൂക്ഷിച്ചിരുന്നൊരാ,
കൊച്ചുകളിക്കോപ്പിനിയാർക്കു വേണം?
തൊട്ടിട്ടു ചാറ്റുവാൻ വാട്സാപ്പു വേണം,

പട്ടം

എല്ലാർക്കുമറിയുവാൻ ഫേസ്ബുക്ക് വേണം,

ഇനിയാർക്ക് വേണം കൈപ്പുസ്തകങ്ങൾ?

വിരൽത്തുമ്പിലല്ലയോ ഇന്ന് ലോകം?

കാലം,ഓർക്കാതിരുന്നതാ കളിക്കോപ്പുകൾ

ഉൗഹു കാണാതിരുന്നതാ കൈപ്പുസ്തകങ്ങൾ

## എഴുത്തുകാരെ അറിയുക

### സുസ്മേഷ് ചന്ത്രോത്ത്

1977 ഏപ്രിൽ 1 ന് ജനനം. നോവലിസ്റ്റും കഥാകൃത്തും.ഡി 9,പേപ്പർ ലോഡ്ജ് (നോവൽ),വെയിൽ ചായുമ്പോൾ,നദിയോരം,ഗാന്ധിമാർഗം, മരണവിദ്യാലയം(കഥാസമാഹാരം),അസാധാരണ ഓർമ്മകളും സാധാരണ അനുഭവങ്ങളും(ലേഖനങ്ങൾ),അമുദക്കുട്ടിയുടെ ചിത്രപ്രദർശനം(ബാലസാഹിത്യം)
എന്നിവ പ്രധാന കൃതികൾ.

പട്ടം

വചനം

ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം.

നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ,
അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ

ഈ ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ദരിദ്രനായ മനുഷ്യന്റ് മുഖം സങ്കൽപ്പിച്ചുനോക്കുക.
എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം

അയാൾക്ക് ഏതെങ്കിലും വിധത്തിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക.
അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും നിയന്ത്രണം

ഉണ്ടാക്കുമോ?
മറ്റൊരു രീതിയിൽ പറഞ്ഞാൽ ആദ്ധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന

ആളുകൾക്ക് സ്വരാജ്യം നേടാൻ സഹായകമാവുമോ?
അപ്പോൾ സംശയങ്ങളില്ലാതാവുകയും ഇല്ലാതാവുകയും ചെയ്യുന്നതായി നമുക്ക്

അനുഭവപ്പെടും.-

പട്ടം

ഗാന്ധിജി

വായനാവസന്തം

വിദ്യാർത്ഥികളേ,

നമ്മുടെ പഠനത്തിന്റ്റ അടിസ്ഥാനപ്രവർത്തനം വായനയാണ്. പക്ഷേ ഇന്ന്  വായന പാഠപുസ്തകങ്ങളിൽ മാത്രമായി ഒതുങ്ങുന്നു. വായനാദിനവും മറ്റും ഈ ന്യൂനത പരിഹരിക്കാനാണ്. വായനയിലൂടെ അതിരില്ലാത്ത സത്യവും സ്വാതന്ത്ര്യവും അനുഭവിക്കാൻ ആകും.

വിജ്ഞാനവും വിനോദവും ആർജിക്കാൻ വായന ഒരു മാർഗമാണ്. അറിവ് കോരിയെടുത്ത് വിജ്ഞാനത്തിൻെറ പുതിയ മാനങ്ങൾ കാണാം, പ്രതിഭകളാകാം,ജീവിത വിജയം നേടാം,മാനസികോത്കർഷം നേടാം.ഗാന്ധിജി,എഡിസണ്,ഫാരഡെ,മാവൊ,കാസ്ട്രൊ ഈ പ്രതിഭകൾ ഉണ്ടായത് വായന വഴിയാണ്.

സുഹൃത്തുക്കളെ,

നിങ്ങളും,

വായിച്ചു തുടങ്ങുക.

പട്ടം

ക്വിസ്

**1.വിവരാവകാശ നിയമ ലോകസഭ പാസാക്കിയത് എന്നാണ്?**

**--2005 ജൂൺ 15**

**2.കൊച്ചിയിൽ ഫ്യൂഡൽ ഭരണം അവസാനിപ്പിച്ച ആര്?**

**--ശക്തൻ തമ്പുരാൻ**

**3.തിരുവിതാംകൂറിലെ ഫ്യൂഡൽ ഭരണം അവസാനിപ്പിച്ചതാര് ?**

**--മാർത്താണ്ഡവർമ്മ**

**4.മനുഷ്യൻ ആദ്യമായി ബഹിരാകാശത്തെത്തിയത് എന്ന് ?**

**--1961 ഏപ്രിൽ 12**

**5.ഏറ്റവും കുറച്ച കാലം കേരളനിയമസഭാംഗമായ വ്യക്തി ആര്?**

**--സി.ഹരിദാസ്(11 ദിവസം)**

**6.ഉപമുഖ്യമന്ത്രിയായിരുന്നതിനു ശേഷം മുഖ്യമന്ത്രിയായയര കേരളിയൻ?**

**--ആർ.ശങ്കർ**

പട്ടം

**7.മുഖ്യമന്ത്രിയായ ശേഷം ഉപമുഖ്യമന്ത്രിയായ കേരളീയൻ**

**--സി.എച്ച്.മുഹമ്മദ്കോയ**

**8.ഏറ്റവും കൂടുതൽ കാലം കേരള മുഖ്യമന്ത്രിയായ വ്യക്തി ആര്?**

- **--ഇ.കെ.നായനാർ**

**9.നീല വിപ്ലവം എന്നാലെന്ത്?**

**--സമുദ്രോൽപ്പന്നങ്ങളുടെ ഉൽപാദനവർദ്ദനവ്**

**10.ബോർഗാട്ടി കൊട്ടാരം പണികഴിപ്പിച്ചതാര്?**

**--ഡച്ചുകാർ**

പടം

ഒരിടത്ത്  സൂന എന്നും  രൂപ എന്നും പേരുള്ള ഇരട്ടക്കുട്ടികൾ ഉണ്ടായിരുന്നു. ഒരിക്കൽ അവർ വീട്ടുമുറ്റത്തു കളിക്കുകയായിരുന്നു. അപ്പോഴാണ്  കുറച്ചപ്പുറത്ത് മരക്കൊമ്പിൽ ഒരു കുരങ്ങനെ കണ്ടത്.കുട്ടിക്കരണം മറിഞ്ഞ് കളിക്കുകയായിരുന്നു. സുനയും രൂപയും അടുത്തു ചെന്നപ്പോൾ ചാടിച്ചാടി അകന്നു. കുട്ടികൾ പിന്നാലെ ഓടി. ഓടിയോടി കാട്ടിലെത്തിയത് അവർ അറിഞ്ഞില്ല.അവർ പേടിച്ച് കരയാൻ തുടങ്ങി  അപ്പോൾ കുരങ്ങൻ പറഞ്ഞു _

"പേടിക്കേണ്ട നിങ്ങൾ എന്റെ വീട്ടിലേക്ക് പോന്നോളൂ. നാളെ രാവിലെ മടങ്ങാം...'

അങ്ങനെ അവർ കുരങ്ങന്റെ വീട്ടിലേക്ക് ചെന്നു. പിറ്റേന്ന് രാവിലെ കരങ്ങൻ പറഞ്ഞു ' ' കുട്ടികളെ പുറത്ത് ദുഷ്ട മൃഗങ്ങൾ ഉണ്ട് അകത്തു തന്നെ ഇരുന്നോളൂ" അതും പറഞ്ഞ് കുരങ്ങൻ വീട്ടിനു പുറത്തിറങ്ങി വാതിൽ പൂട്ടി. കുറേകഴിഞ്ഞ് അരിയും സാധനങ്ങളുമായി തിരിച്ചുവന്നു. വേഗം ഭക്ഷണം ഉണ്ടാക്കൂ....

കുരങ്ങൻ പറഞ്ഞു. പാവം സൂനയും രൂപയും.അവർ വേഗത്തിൽ ഭക്ഷണമുണ്ടാക്കി കൊടുത്തു. അവരും കഴിച്ചു. പക്ഷേ കരങ്ങൻ അവരെ വീട്ടിൽ പോവാൻ അനുവദിച്ചേയില്ല. കുരങ്ങൻ പുറത്തു പോവുമ്പോൾ വാതിൽ പൂട്ടിയിടും.

അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു...

ഇത്രയും ദിവസമായിട്ടും അച്ഛനു അമ്മയും അന്വേഷിച്ച് വന്നില്ലല്ലോ അതായിരുന്നു കുട്ടികളുടെ സങ്കടം. ഒരു ദിവസം കുരങ്ങൻ പുറത്തു പോയ സമയത്ത് സൂനയും രൂപയും തട്ടിൻപുറത്ത് കയറി


ഒളിച്ചിരുന്നു.
വിശക്കുമ്പോൾ തിന്നാൻ കുറെ നെയ്യപ്പവും ഉണ്ടാക്കി.കുരങ്ങൻ മടങ്ങിയെത്തിയപ്പോൾ വിളിച്ചു. സൂന ശ്രുപ വിശന്നിട്ട് വയ്യാ... ചോറു തരൂ... അതും പറഞ്ഞ് കുരങ്ങൻ അടുക്കളയിൽ കയറി പാത്രങ്ങൾ തുറന്നു നോക്കി.പക്ഷെ അതിലൊന്നും ഇല്ല. അപ്പോഴാണ് നിലത്ത് അരമണികൾ ചിതറിക്കിടക്കുന്നത് കണ്ടത്. കുരങ്ങൻ നിലത്തിരുന്ന അരിമണി പെറുക്കി തിന്നാൻ തുടങ്ങി.
പെട്ടന്ന് സൂനയുടെ പാത്രത്തിൽ നിന്ന് ഒരു നെയ്യപ്പം താഴെ വീണു. കുരങ്ങൻ ഞെട്ടി പോയി.നോക്കുമ്പോഴതാ നിലത്ത് കൈഡ വാലിനടുത്ത് ഒരു നെയ്യപ്പം ഹമ്പടാ...! ഞാനിവിടെ അരിമണി തിന്നുമ്പോൾ നീ നെയ്യപ്പം തിന്നുന്നോ! കുരങ്ങൻ വാലിനെ നോക്കി ഒറ്റയടി അതു കണ്ട് സൂനയും ശ്രുപയും ചിരിച്ചുപോയി.പെട്ടെന്ന് ശ്രുപയുടെ കയ്യിലെ അപ്പ പാത്രം താഴെ വീണു.
' 'ക്ലീം..'' കുരങ്ങൻ പേടിച്ചു പോയി ഇതു നെയ്യപ്പ ഭൂതം തന്നെ! കുട്ടികളെ പിടിച്ച് തിന്നുന്നതും നെയ്യപ്പ ഭൂതമാകും കരങ്ങൻ ഇറങ്ങി ഒറ്റ ഓട്ടം! എന്നിട്ട് മറ്റ് കുരങ്ങന്മാരെ വിളിച്ചു കൂട്ടി കാര്യം പറഞ്ഞു. എല്ലാവരും കുരങ്ങന്റെ വീട്ടിലെത്തി. പക്ഷെ ആർക്കും അകത്തു കയറാൻ ധൈര്യമില്ല. നാളെ ഒരു ഹോമം നടത്തി ഭൂതത്തെ ഓടിക്കാം കുരങ്ങന്മാരുടെ മന്ത്രവാദി പറഞ്ഞു എല്ലാവരും പിരിഞ്ഞ് പോയി. കുരങ്ങൻപുറത്തൊരു കൊമ്പിലിരിപ്പാണ് .
അന്നേരം സൂനയും ശ്രുപയും താഴെ ഇറങ്ങി ഉഗ്രൻ ദോശ ഉണ്ടാക്കി."ശ്ശി " .... ദോശയുണ്ടാക്കുന്ന ശബ്ദം കേട്ടപ്പോൾ കുരങ്ങൻ എന്ത്കരുതിയെന്നോ?നെയ്യപ്പ ഭൂതം ശ്വാസമെടുക്കുന്ന ശബ്ദമാണെന്ന്!
അവൻ പേടിച്ച് കുരങ്ങന്മാരുടെ അടുത്തേക്ക് ഓടി. സുനയും ശ്രുപയും ചോറും കറിയും എല്ലാം ഉണ്ടാക്കി കഴിച്ചു. കുറെ അടുക്കളയിൽ

മൂടിവെച്ചു. നെയ്യപ്പവുമായി തട്ടിൻ പുറത്ത് കയറുന്നതിനു മുമ്പ് പലയിടത്തായ് തറയിൽ കുറേ പശയും ഒഴിച്ചു. പിറ്റേന്ന് മന്ത്ര വാദിയും കൂട്ടരും ഹോമത്തിനെത്തി. മറ്റു കുരങ്ങന്മാർ അടുക്കളയിൽ നോക്കിയപ്പോൾ ചോറും കറിയും കണ്ടു. അവർ അതെല്ലാം എടുത്ത് ഹോമകുണ്ഡത്തിനു ചുറ്റുംനിരത്തിവെച്ച് കഴിക്കാൻ തുടങ്ങി അത് ഭൂതം വച്ചതാ..!

കഴിക്കല്ലെ കുരങ്ങൻ വിളിച്ചു പറഞ്ഞു പക്ഷെ ആര് കേൾക്കാൻ.? പക്ഷെ കഴിച്ച് കഴിഞ്ഞ് എഴുന്നേൽക്കാൻ നോക്കിയപ്പോഴോ? ആരോ പിടിച്ച് പറച്ചത് പോലെ തറയിൽപശയാണല്ലോ.. വിടെടാ.. എല്ലാവരും ഒച്ചവെച്ചു കുട്ടികൾക്ക് ചിരി പൊട്ടി. അവർ കയ്യിലെ അപ്പ പാത്രം തറയിലേക്ക് എറിഞ്ഞു. അതുകൂടി കണ്ടതോടെ കുരങ്ങന്മാരെല്ലാം എങ്ങനെയൊക്കയോ പിടഞ്ഞെഴുന്നേറ്റ് ഒറ്റയോട്ടം! മിക്കവരുടേയും ശരീരത്തിലെ രോമം പശയിലൊട്ടി പറഞ്ഞു പോയി. എല്ലാവരും സ്ഥലം വിട്ടതോടെ സൂനയും രൂപയും പുറത്തിറങ്ങി വീട്ടിലേക്കോടി പകൽ സമയം ആയതു കൊണ്ട് അവർക്ക് പേടി ഒന്നും തോന്നിയില്ല... കാടിനു പുറത്തെത്താറായപ്പോഴേക്കും അവരെ അന്വോഷിച്ച് ഇറങ്ങിയ ഗ്രാമീണരെ കണ്ടു. കുട്ടികൾ കുരങ്ങന്മാരെ പറ്റിച്ച കഥ കേട്ട് എല്ലാവരും പൊട്ടി ചിരിച്ചു...



പടം



**അബിൻ ix .c**

പട്ടം